# GLPS POOKKOTTUR OLD

School Code : 18443
Pookkottur (PO), Pin: 676504 Malappuram Sub District.
Email: glpspktr@gmail.com



## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

## ആമുഖം

പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ അറവങ്കര എന്ന ഗ്രാമത്തിലാണ് വിദ്യാലയം. 1918 ൽ പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം ഈ വർഷം നൂറാം വാർഷികം ആഘോഷിക്കുകയാണ്. പേര് പോലെത്തന്നെ പൂക്കോട്ടൂർ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന സ്കൂളാണിത്. അറവങ്കരയിലെ ജനങ്ങൾക്ക് ഇത് അവരുടെ 'ചെറിയ സ്കൂളാണ്'.

ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ തന്നെ വേറിട്ടൊരധ്യായം തുന്നിച്ചേർത്ത നാടാണ് പൂക്കോട്ടൂർ. സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളിൽ 'യുദ്ധം' എന്ന് വിശേഷിപ്പിക്കപ്പെട്ടതായി ഒന്നേയൊള്ളു-അതാണ് 'പൂക്കോട്ടൂർ യുദ്ധം'!. ആ ചോരത്തിളപ്പിന്റെ പിൻഗാമികളാണ് ഇവിടത്തെ കുട്ടികൾ.

സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും വളരെ പിന്നോക്കം നിന്നിരുന്ന ഒരു പ്രദേശമായിരുന്നു ഇവിടം. അക്ഷരാഭ്യാസം നേടിയവർ വളരെ വിരളമായിരുന്നു. ഈ അവസ്ഥയിൽ നിന്നും മോചനം നേടുന്നതിന് വേണ്ടി ഇവിടത്തെ പൗര പ്രമുഖരായിരുന്ന കാരാട്ട് മുഹമ്മദ് ഹാജി, വേലുക്കുട്ടി മാസ്റ്റർ, അപ്പുണ്ണി നായർ, ശേഖരൻ നായർ, ഉണ്ണീതു മാസ്റ്റർ എന്നിവർ മുൻകയ്യെടുത്ത് സ്ഥാപിച്ചതാണീ വിദ്യാലയം.

കോഴിക്കോട്- പാലക്കാട് ദേശീയ പാതയോട് ചേർന്ന് പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിനോട് ചേർന്നാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്.

# ഉള്ളടക്കം

1. അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. ലക്ഷ്യങ്ങൾ
4. വിദ്യാലയത്തിന്റെ ലഘു ചരിത്രം
5. പ്രശസ്തരായ പൂർവ്വ വിദ്യാർത്ഥികൾ
6. വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്
7. പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ
8. നിലവിലെ അവസ്ഥാ വിശകലനം
9. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റനോട്ടത്തിൽ
10. പദ്ധതി വിശദാംശങ്ങൾ
11. പ്രതീക്ഷിത നേട്ടങ്ങൾ
12. മോണിട്ടറിംഗ് രീതി
13. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | ജി.എൽ.പി സ്കൂൾ പൂക്കോട്ടൂർ (ഓൾഡ്) |
| വിലാസം | : | പൂക്കോട്ടൂർ (പി.ഒ) |
| | | മലപ്പുറം, 676517 |
| ഫോൺ(ഹെഡ്മാസ്റ്റർ) | : | 9446883884 |
| 2. സ്കൂൾ കോഡ് | : | 18443 |
| 3. വിദ്യാഭ്യാസ ഉപ ജില്ല | : | മലപ്പുറം |
| 4. വിദ്യാഭ്യാസ ജില്ല | : | മലപ്പുറം |
| 5. റവന്യൂ ജില്ല | : | മലപ്പുറം |
| 6. ബി.ആർ.സി | : | മലപ്പുറം |
| 7. സി.ആർ.സി | : | പൂക്കോട്ടൂർ |
| 8. ഗ്രാമ പഞ്ചായത്ത് | : | പൂക്കോട്ടൂർ |
| 9. ബ്ലോക്ക് പഞ്ചായത്ത് | : | മലപ്പുറം |
| 10. ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| 11. നിയമസഭ മണ്ഡലം | : | മലപ്പുറം |
| 12. ലോകസഭ മണ്ഡലം | : | മലപ്പുറം |
| 13. താലൂക്ക് | : | ഏറനാട് |
| 14. വില്ലേജ് | : | പൂക്കോട്ടൂർ |
| 15. ഇ-മെയിൽ | : | glpspktrild@gmail.com |
| 16. വെബ്സൈറ്റ് | : | |

## പ്രശസ്തരായ പൂർവ്വ വിദ്യാർത്ഥികൾ

ഡോക്ടർമാരായ മുഹമ്മദ് സർ, ഷമീമ പാലേങ്ങര, വക്കീലന്മാരായ ശ്രീ. രാജൻ, അബ്ദുറഹ്മാൻ കാരാട്ട്, ആർ.ടി.ഒ ഉമ്മർ സർ, പ്രൊഫസർമാരായ മുഹമ്മദ് പാലേങ്ങര, പോലീസ് ഓഫീസർമാർ, പ്രശസ്ത വാഗ്മിയും പണ്ഡിതനുമായ അബ്ദുസ്സമദ് പൂക്കോട്ടൂർ, തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകം വ്യക്തിത്വങ്ങൾ ഈ സ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥികളാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം

1. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
2. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
3. പാർശ്വവൽക്കരിക്കപ്പെടുന്നവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
4. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിക്കുന്ന മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പിക്കൽ.
5. പരിസ്ഥിതി സ്നേഹമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ-വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി യോഗത്തിൽ 'അക്കാദമിക് മാസ്റ്റർ പ്ലാൻ' തയ്യാറാക്കുന്നതിനെ കുറിച്ച് ചർച്ച
2. അക്കാദമികം, ഭൗതികം, ക്ലബ് പ്രവർത്തനങ്ങൾ, വായന, ലൈബ്രറി-ലാബ്, ആരോഗ്യകായിക വിദ്യാഭ്യാസം, പ്രവൃത്തി പരിചയ വിദ്യാഭ്യാസം, ഇംഗ്ലീഷ്, അറബി, മലയാളം ഭാഷാ വികസന പ്രവർത്തനങ്ങൾ എന്നിങ്ങനെ വ്യത്യസ്ഥ മേഖലകളായിതിരിച്ച് ഓരോ അധ്യാപകർക്കും ചുമതല നൽകി.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ പാശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. എൽ.കെ.ജി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന് പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
4. അധ്യാപനവും അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

## വിദ്യാലയത്തിന്റെ ലഘു ചരിത്രം

1918 ലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ നൂറ്റി ഏഴാം വാർഷികം ആഘോഷിക്കുന്നു. പേര് 'ഓൾഡ്' എന്നാണെങ്കിലും ഈ സ്കൂൾ പാഠ്യപാഠ്യേതര രംഗങ്ങളിൽ ഇപ്പോളും അതിന്റെ പ്രൗഢി നിലനിർത്തുന്നു. അറവങ്കരയിലെ ജനങ്ങൾ ഇതിനെ ചെറിയ സ്കൂൾ എന്നും മാതൃസ്കൂളായ ഹൈസ്കൂളിനെ വലിയ സ്കൂൾ എന്നുമാണ് വിശേഷിപ്പിക്കുന്നത്.

ഏകദേശം 50 വർഷത്തോളം ഇന്നത്തെ പൂക്കോട്ടൂർ ഹയർ സെക്കണ്ടറി സ്കൂളിനോടനുബന്ധിച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്. പിന്നീട് യു.പി സ്കൂളായും ഹൈസ്കൂളായും ഉയരത്തപ്പെട്ടപ്പോൾ സ്ഥല പരിമിധി മൂലം എൽ.പി വിഭാഗം വിഭജിച്ച് ഇപ്പോൾ ഉള്ള ഈ സ്ഥലത്തേക്ക് മാറ്റി. 20 വർഷത്തിൽ പഴയ കെട്ടിടം പൊളിച്ച് എസ്.എസ്.എ യുടെ സഹകരണത്തോടെ ഇന്ന് കാണുന്ന പുതിയ കെട്ടിടം ഉണ്ടാക്കി.

## നിലവിലെ അവസ്ഥ വിശകലനം

### ഭൗതികനേട്ടങ്ങൾ

- മികച്ച സൗകര്യങ്ങളോടുകൂടിയ ക്ലാസ് മുറികൾ 19 എണ്ണം
- മനോഹരമായ ഒരു പാർക്ക്
- എസി ഓഡിറ്റോറിയം, മികച്ച ലൈബ്രറി
- മികച്ച സൗകര്യങ്ങളോടുകൂടിയ ഭക്ഷണപ്പുര
- ഇരിപ്പിട സൗകര്യത്തോട് കൂടിയ ഡൈനിംഗ് റൂം 2 എണ്ണം
- ആവശ്യത്തിന് ശൗചാലയങ്ങൾ
- കുടിവെള്ള സൗകര്യം
- ആവശ്യത്തിന് ടാപ്പുകൾ
- ചുറ്റുമതിൽ
- ടർഫ് കോർട്ട്, ഓപ്പൺ ഓഡിറ്റോറിയം
- ഡസ്റ്റ് ഫ്രീ കാമ്പസ്
- പ്രീ പ്രൈമറി വിദ്യാർത്ഥികൾക്കായി കിഡ്സ് പാർക്ക് , വർണ്ണ കൂടാരം

### ഭൗതിക പരിമിതികൾ

- വിശാലമായ കളിസ്ഥലം ഇല്ല.
- ഓഫീസ്റൂം, സ്റ്റാഫ്റൂം എന്നിവ പ്രത്യേകം തിരിച്ചിട്ടില്ല.
- ഓപ്പൺ ഓഡിറ്റോറിയം കുറച്ച് കൂടി വലിപ്പം കൂട്ടേണ്ടതുണ്ട്
- ശൗചാലയങ്ങളുടെ പരിമിതി.
- ഷീ- ടോയ്ലെറ്റ് ഇല്ല.
- ഒരു സ്കൂൾ വാഹനത്തിന്റെ കൂടിയുള്ള അപര്യാപ്തത
- സ്മാർട്ട് ക്ലാസ് റൂമുകളുടെ അപര്യാപ്തത.

## അക്കാദമികം നേട്ടങ്ങൾ

- പഠനത്തിൽ കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നു
- മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടുന്നു
- അറബിക് ക്വിസിൽ മികച്ച വിജയം
- കലാ - കായിക ശാസ്ത്രമേളകളിൽ മികച്ച വിജയം

## അക്കാദമികം പരിമിതികൾ

- ലബോറട്ടറികളുടെ പരിമിതി
- കലാ കായിക പരിശീലത്തിൽ പ്രത്യേക അധ്യാപകരുടെ കുറവ്
- ഇംഗ്ലീഷി പരിപോഷണത്തിന് പ്രത്യേക ലാബുകളുടെ അഭാവം
- First Aid പരിശീലനത്തിന്റെ അപര്യാപ്തത
- ക്ലാസ് ലൈബ്രറി ശാക്തീകരണത്തിന്റെ കുറവ്
- ക്ലാസുകളിൽ പഠന വിഭവങ്ങൾ പ്രദർശിപ്പിക്കാനുള്ള സൗകര്യക്കുറവ്

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ– ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ✦ ഭാഷാ ശേഷിവികസനം<br>✦ ഗണിത ശേഷി വികസനം<br>✦ ഇംഗ്ലീഷ് പഠന പരിപോഷണം<br>✦ വായന പരിപോഷണം<br>✦ ക്ലാസ്തല ലൈബ്രറി ശാക്തീകരണം<br>✦ ലബോറട്ടറി ആധുനികവത്കരിക്കൽ<br>✦ പ്രതിഭാപോഷണ പരിപാടി<br>✦ ഉൾച്ചേർന്ന വിദ്യാഭ്യാസം<br>✦ കാവ്യകേളി<br>✦ ജൈവ വൈവിധ്യ പാർക്ക്<br>✦ ഉൾച്ചേർന്ന വിദ്യാഭ്യാസം<br>✦ സാഹിത്യ പോഷണ പരിപാടികൾ<br>✦ പഠനയാത്രകൾ കലാകായിക മേള<br>✦ ഐ.ടി പരിശീലനം<br>✦ അധ്യാപക ശാക്തീകരണ പരിപാടികൾ | ✦ കളിസ്ഥലം<br>✦ ഓഫീസ് മുറി<br>✦ സ്റ്റാഫ്റൂം<br>✦ കുടിവെള്ള വിതരണം<br>✦ മാലിന്യ സംസ്കരണം<br>✦ ലബോറട്ടറി | ✦ പി.ടി.എ ശക്തിപ്പെടുത്തൽ<br>✦ വിദ്യാലയ വികസന സമിതി<br>✦ പൂർവ്വ വിദ്യാർത്ഥി സംഘടയുടെ പ്രവർത്തനം<br>✦ ഗ്രന്ഥശാലകൾ, ക്ലബുകൾ സന്നദ്ധസംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ പൂർവ്വാധ്യാപകർ സഹകണ സ്ഥാപനങ്ങൾ തുടങ്ങിയവുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തൽ<br>✦ ക്ലാസ് പി.ടി.എ മാതൃകാപരമിക്കുന്ന തിനുള്ള നടപടികൾ<br>✦ വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>✦ വിദ്യാലവിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ<br>✦ ഭവന സന്ദർശനം |

**സാമൂഹികം**

| | | |
|---|---|---|
| ✦ കുട്ടികളുടെ മാസിക<br>✦ പ്രവൃത്തി പരിചയപഠനം<br>✦ ശാസ്ത്രാഭിരുചി വളർത്തൽ<br>✦ പച്ചക്കറി ത്തോട്ടം<br>✦ അഭിമുഖങ്ങൾ<br>✦ രചനാ ശിൽപശാലകൾ<br>✦ പോഷകാഹാര പരിപാടി<br>✦ മെഡിക്കൽ ക്യാമ്പ്<br>✦ ഗണിത ലാബ്<br>✦ ഭാഷാലാബ് (അറബിക്ക് )<br>✦ ടേം, നിരന്തര മൂല്യനിർണയങ്ങൾ<br>✦ ദിനാചരണം<br>✦ കായിക പഠനം<br>✦ ടാലന്റ് ലാബ്<br>✦ പഠനോത്സവം<br>✦ മയക്കുമരുന്ന്, ലഹരി ബോധവത്കരണം<br>✦ റോഡ് സുരക്ഷാ ക്ലാസുകൾ | | ✦ പൊതുമുതൽ സംരക്ഷണം<br>✦ ശുചിത്വ ബോധവത്കരണ ക്ലാസുകൾ<br>✦ ആരോഗ്യ ബോധവത്കരണ<br>ഡിജിറ്റൽ അച്ചടക്കം |

**മേഖല: അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നല്ല ദിനങ്ങൾ | ദിനാചരണം കൊണ്ടാടൽ<br>✸ പോസ്റ്റർ നിർമ്മാണം<br>✸ ക്വിസ് മത്സരം<br>Eg: Dece 18 ലോക അറബി ഭാഷാദിനം<br>June 5 പരിസ്ഥിതി ദിനം<br>March 22 ലോക ജലദിനം<br>ജൂൺ 19 വായനദിനം | | | |
| ഭാഷ കേൾക്കാൻ ജനറൽ, ഇംഗ്ലീഷ് അറബിക്ക്, അസംബ്ലി | ആഴ്ചയിൽ 2 ദിവസം<br>അറബി 1 മാസം കൂടുമ്പോൾ<br>പ്രാർത്ഥന<br>പ്രതിജ്ഞ<br>പുസ്തകാവലോകനം<br>പത്രവായന | | | |
| അറബിക് വർക്ക് ഷോപ്പ് | SSA / BRC സഹായത്തോടെ മികച്ച അധ്യാപകരുടെ മേൽനോട്ടത്തിൽ വർക്ക് ഷോപ്പ് നടത്തൽ: കഥ, കവിത, കാലിഗ്രഫി | | | |

# പദ്ധതി വിശദാംശങ്ങൾ

ഉപമേഖല : ഭാഷാശേഷി വികസനം

പ്രവർത്തനത്തിന്റെ പേര് : ഭാഷാലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ✸ വിദ്യാലത്തിലെ ഒരു ക്ലാസ്മുറിയിലെ ഒരു ഭാഗം ഭാഷാപഠനത്തിനായി പ്രത്യേകം സജ്ജമാക്കൽ<br>✸ പാഠാ ഭാഗവുമായി ബന്ധപ്പെട്ട പ്രസന്റേഷനുകൾ, എൽഇഡി, ടി.വി റേഡിയോ ലാപ്പ് ടോപ്പ് തുടങ്ങിയവ ലാബിൽ പ്രത്യേകം സജ്ജമാക്കുക<br>✸ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>✸ അമ്മവായന<br>✸ ഭാഷാ ക്ലബ്ബുകൾ വിപുലമാക്കുക<br>✸ അലിഫ് ടാലന്റ് പരീക്ഷ | അധ്യയന വർഷം മുഴുവൻ | | |

പ്രവർത്തനത്തിന്റെ പേര് : ഗണിതലാബ്

ഉപമേഖല : ഗണിതശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ✸ വിദ്യാലയത്തിലെ ഒരു ക്ലാസ് മുറിയിലെ ഒരു ഭാഗം ഗണിതലാബ് സജ്ജമാക്കൽ പഠനവരത്തനങ്ങൾക്കാവശ്യമായ ത്രാസ്, തൂക്കക്കട്ടകൾ, മീറ്റർ സ്കെയിൽ, അളവുപകരങ്ങൾ തുടങ്ങിയ ക്ലാസിൽ ഒരുക്കൽ<br>✸ ഗണിതശാസ്ത്രജ്ഞൻമാരുടെ ഫോട്ടോ ഗാലറി, വിവിധ ജ്യാമിതീയ നിർമിതികൾ, ഗണിത മോഡലുകൾ, ഗണിത പുരാവസ്തുക്കൾ, ഗണിത രൂപങ്ങൾ തുടങ്ങിയവ ഗണിത ലാബിൽ ഒരുക്കുക<br>✸ ഓരോ കുട്ടിക്കും ഗണിത സഞ്ചി ഒരുക്കൽ<br>✸ ചിരിച്ചും ചിന്തിച്ചും ഗണിത പഠനം ഗണിത കുസൃതിക്കണക്കുകളുടെ സമാഹാരം | അധ്യയന വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| ഗണിതാവബോധം വളർത്തുക<br><br>ഗണിതാന്തരീക്ഷം സജ്ജമാക്കുക | ✸ഗണിതത്തിന് ഒരു നോട്ടീസ് ബോർഡ് (നോട്ടീസ് ബോർഡിൽ ഒരു ഗണിത പ്രശ്നം) വിജയികൾക്ക് അസംബ്ലിയിൽ വെച്ച് സമ്മാനം നൽകുന്നു.<br><br>✸ ഓരോ ക്ലാസിലും ഗണിത മൂല<br>✸ ഗണിത പാർക്ക്<br>✸ ഗണിത കേളികൾ<br>✸ ഗണിത മാഗസിൻ<br>✸ ഗണിത ഫെസ്റ്റ്<br>✸ മാഗസിൻ പ്രകാശനം | അധ്യയന വർഷം മുഴുവൻ | ക്ലബ്ബ് കൺവീനർമാർ | |

# പദ്ധതി വിശദാംശങ്ങൾ

## മേഖല അക്കാദമികം

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് പഠന പരിപോഷണം

ഉപമേഖല : ഇംഗ്ലീഷ് ഭാഷ ശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ✸ ഒഴുക്കോടെ ഇംഗ്ലീഷ് വായിക്കാനും എഴുതുവാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കൽ<br><br>✸ കുട്ടികളുടെ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ<br><br>✸ എല്ലാ കുട്ടികളെയും ഇംഗ്ലീഷിൽ ആശയ വിനിമയം ചെയ്യുന്നതിന് പ്രാപ്തരാക്കൽ | **<u>ഇംഗ്ലീഷ് അസംബ്ലി</u>**<br>ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബിയുടെ മുഴുവൻ പരിപാടികളും (Prayer, pledge, News Reading, Book review short Speech)<br><br>(ദിനാചരണങ്ങളോടനുബന്ധിച്ച് ) word or Sentence In a day Picture dictionary (one day one word )<br><br>അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ, അധ്യാപകരും കുട്ടികളും തമ്മിൽ ഇംഗ്ലീഷിലുള്ള ആശയവിനിമയം | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **<u>വിദ്യാലയ അന്തരീക്ഷം സജ്ജമാക്കൽ</u>**<br>വിദ്യാലയത്തിനകത്തുള്ള എല്ലാ സാധന സാമഗ്രികൾക്കും ഇംഗ്ലീഷ് ലേബൽ പതിക്കൽ, ടോയ്ലെറ്റ്, ഡൈനിംഗ് ഹാൾ എന്നിവിടങ്ങളിൽ ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾ എഴുതി ഒട്ടിക്കൽ | അധ്യയന വർഷം മുഴുവൻ | | |
| | **<u>My English Word</u>**<br>വായന കാർഡുകൾ , വർക്ക് ബുക്ക്<br>work sheet | അധ്യയന വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| | **<u>English Fest</u>**<br>Add more lines and its recitation making Conversation role play and Drama Quiz Competition Game using English Suggestions Readers theatre | അധ്യയന വർഷം മുഴുവൻ | | |

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **<u>Spoken English Class</u>**<br><br>ആഴ്ചയിൽ ഒരു ദിവസം<br>English day | അധ്യയന വർഷം മുഴുവൻ | എല്ലാ അധ്യാപകരും | |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര ലാബ്

ഉപമേഖല : ശാസ്ത്ര പോഷക പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ✸ ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | ✸ ക്ലാസ് മുറികളിൽ ശാസ്ത്ര ലാബ് ഒരുക്കൽ<br>✸ കുട്ടികൾക്ക് സ്വയം പരീക്ഷണം ചെയ്യാനാവും വിധം ലാബ് ക്രമീകരിക്കൽ<br>✸ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട മോഡലുകൾ, വിവിധ തരം ശേഖരങ്ങൾ, ശാസ്ത്രജ്ഞരുടെ ഫോട്ടോ ഗ്യാലറി തുടങ്ങിയ വലാബിൽ ക്രമീകരിക്കുക | അധ്യയന വർഷം മുഴുവൻ | PTA<br>ക്ലാസ് ടീച്ചർ | |
| ✸ ശാസ്ത്ര മേളകൾ സംഘടിപ്പിക്കൽ | ✸ സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിക്കൽ പ്രതിഭകൾക്ക് മികച്ച പരിശീലനം നൽകൽ<br>✸ സബ്ബ് ജില്ലാ മേളകളിൽ പങ്കെടുക്കാൻ അവസരം നൽകൽ | Sep, Oct | ശാസ്ത്ര ക്ലബ് | PTA |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : സ്കോളർഷിപ്പ് ഫോർ ദ ബെസ്റ്റ്

ഉപമേഖല : പ്രതിഭാ പോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ✸ പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ✸ പഠനത്തിൽ മികച്ച കുട്ടികൾക്ക് ക്വിസ് മത്സരങ്ങൾ, രചന മത്സരങ്ങൾ, മത്സര പരീക്ഷകൾ, പ്രത്യേക ക്ലാസുകൾ ഇവ സംഘടിപ്പിക്കുക<br>✸ GK Mega Quiz ദിവസവും ചോദ്യങ്ങൾ, മാസാവസാനം റൗണ്ട് തല മത്സരങ്ങൾ, വർഷാവസാനം മെഗാക്വിസ് മത്സരം പ്രത്യേക സ്കോളർഷിപ്പുകൾ നടപ്പിലാക്കുക | June to February | ക്ലാസ് ടീച്ചർ<br>SRG<br>PTA | Sponsorship |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : ഉൾച്ചേർന്ന വിദ്യാഭ്യാസം

ഉപമേഖല : ഭിന്ന ശേഷിക്കാർക്കും അന്യ സംസ്ഥാന കുട്ടികൾക്കും തുല്യപരിഗണന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ✸ ഭിന്ന ശേഷിക്കാർക്കും അതിഥി തൊഴിലാളികളുടെ കുട്ടികൾക്കും അർഹമായ പരിഗണന നൽകുക | ✸ ഭിന്ന ശേഷിക്കാർക്കും അന്യ സംസ്ഥാന കുട്ടികൾക്കും പ്രത്യേകം ക്ലാസുകൾ സംഘടിപ്പിക്കുക<br>✸ കലാകായിക പ്രകടനങ്ങൾക്ക് അവസരം നൽകുക<br>✸ പ്രത്യേക അസംബ്ലി ഒരുക്കൽ<br>✸ അവരുടെ രക്ഷിതാക്കൾക്ക് ക്ലാസുകൾ നൽകുക | മൂന്നു മാസത്തിൽ ഒരിക്കൽ | വിദഗ്ധരായ അധ്യാപകർ | BRC<br>PTA |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : ആടാം... പാടാം

ഉപമേഖല : ടാലന്റ് ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ✸ കലാ കായിക മികവുകൾ വികസിപ്പിക്കുക | ✸ Foot ball Camp സംഘടിപ്പിക്കുക<br>✸ രചനാ ശിൽപശാലകൾ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | PTA, പൂർവ്വ വിദ്യാർത്ഥികൾ വിദ്യാരംഗം | PTA |
| | ✸ പാട്ടരങ്ങ്<br>✸ രചനോത്സവം | അധ്യയന വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : വായിക്കാം രചിക്കാം

ഉപമേഖല : വായന പരിപോഷണം, ലൈബ്രറി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ✸ എല്ലാ കുട്ടികളെയും വായനാശീലമുള്ളവരാക്കുക | ✸ ഓരോ ക്ലാസിലെയും കുട്ടികൾ വായിക്കേണ്ട പുസ്തകത്തിന്റെ ലിസ്റ്റ് തയ്യാറാക്കുക<br>✸ വായന കാർഡ് തയ്യാറാക്കുക<br>✸ ക്ലാസ്, സ്കൂൾ വായനാകൂട്ടം രൂപീകരിക്കുക<br>✸ വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>✸ മികച്ച വായനക്കാരനെ കണ്ടെത്തൽ | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | Sponsorship |

| | | | | |
|---|---|---|---|---|
| | ✸ വായിക്കാനിത്തിരി നേരം<br>ദിവസമുള്ള വായന<br>✸ എല്ലാ ക്ലാസിലും ദിന പത്രങ്ങൾ<br>✸ വായനോത്സവം സംഘടിപ്പിക്കുക<br>✸ എല്ലാ ദിവസവും പത്രവായന<br>✸ ഓരോ ക്ലാസിലും റീഡേഴ്സ് തിയേറ്റർ<br>✸ എല്ലാ ദിവസും പത്ര ക്വിസ്<br>✸ അസംബ്ലിയിൽ പുസ്തകപരിചയം<br>✸ കൂടുതൽ പുസ്തകങ്ങൾ വായിച്ചവർക്ക്<br>പുരസ്കാരങ്ങൾ<br>✸ വായനാനുഭവം പങ്കുവയ്ക്കൽ<br>✸ ഇ - വായന<br>✸ നോവൽ പാരായണം | | | |

**പ്രവർത്തനം**

പ്രവർത്തനത്തിന്റെ പേര് : സാഹിത്യ പോഷക പരിപാടികൾ

ഉപമേഖല : സർഗ്ഗശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ✸ വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിരി അവസരം സൃഷ്ടിക്കൽ | ✸ വായനോത്സവം സംഘടിപ്പിക്കൽ<br>✸ പത്ര ക്വിസ്<br>✸ അസംബ്ലിയിൽ പുസ്തക പരിചയം<br>✸ വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനങ്ങൾ<br>✸ ബാലസഭ<br>✸ ദിനാചരണങ്ങൾ<br>✸ ആസ്വാദന കുറിപ്പ്<br>✸ പുസ്തകം വായന കുറിപ്പുകൾ തയ്യാറാക്കുക (ഡയറി/ പതിപ്പ് )<br>✸ എല്ലാ മാസവും സ്കൂൾ പത്രങ്ങൾ<br>✸ ഒരു ടേമിൽ ഒരു പ്രിന്റഡ് പത്രം<br>✸ ചുമർ പത്രിക, പതിപ്പ് തയ്യാറക്കൽ<br>✸ രചനോത്സവം<br>✸ സംയുക്ത ഡയറി<br>✸ സർഗാത്മക ഡയറി | എല്ലാ ദിവസവും<br><br>മാസത്തിൽ ഒരു പ്രാവശ്യം | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ✸ വർഷാവസാനം എല്ലാവരും വിവിധ സർഗ രചനകൾ നടത്തി പുസ്തകമാക്കുന്നു<br>✸ വായിച്ച പുസ്തകങ്ങൾക്കു യോജിച്ച ചിത്രം വരയ്ക്കൽ<br>✸ സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം | | | |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : ലൈബ്രറി ശാക്തീകരണം

ഉപമേഖല : വളരുന്ന പുസ്തകങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ✸ സമൂഹപങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കൽ | ✸ ലൈബ്രറി പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>✸ ആവശ്യമുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>✸ സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>✸ പുസ്തക ശേഖരണം<br>✸ വായനശാലയിലേക്ക് ബാല പ്രസിദ്ധീകരണങ്ങൾ, ആനു കാലികങ്ങൾ<br>✸ സ്കൂളിൽ പൊതുവായനശാല<br>✸ പിറന്നാളിന് സ്കൂളിനൊരു പുസ്തകം | വർഷം മുഴുവൻ | | സ്പോൺസർഷിപ്പ് സംഭാവന |

| | | | | |
|---|---|---|---|---|
| | ➜ വീട്ടിലൊരു ലൈബ്രറി<br>➜ ശിശു സൗഹൃദ സ്കൂൾ ലൈബ്രറി<br>(ചിത്രങ്ങൾ വരച്ചുള്ള ചുമരുകൾ)<br>➜ ദിനാചരണങ്ങൾ<br>➜ പതിപ്പ് തയ്യാറാക്കൽ<br>➜ സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>➜ വിദ്യാരംഗം കലാ സാഹിത്യ വേദി<br>പ്രവർത്തനങ്ങൾ | വർഷം<br>മുഴുവൻ | PTA<br>SSG<br>SSA<br>Panjayath | |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ✸ പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ | ✸ പഠന പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ, തുടങ്ങിയ ഇടങ്ങളിലേക്ക് പഠനയാത്രകൾ നടത്തുക | വർഷത്തിൽ 5 പ്രാവശ്യം | SRG | PTA |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : കായിക പരിശീലനം

ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ✸ കായിക പരിശീലനം കാര്യക്ഷമമാക്കൽ | ✸ രാവിലെയും വൈകുന്നേരവും കായിക പരിശീലനം<br>✸ കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ 3 ദിവസം | PTA<br>കായികാധ്യാപകർ | സ്പോൺസർഷിപ്പ് |

## പ്രവർത്തനം

പ്രവർത്തനത്തിന്റെ പേര് : കലാ വിദ്യാഭ്യാസം

ഉപമേഖല : കലാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാ വാസനകൾക്ക് പരിപോഷണം | ✸ സംഗീതം, ചരിത്രകല, തുടങ്ങിയ കലകളുടെ പരിശീലനത്തിനായി ഒരധ്യാപകനെ നിയമിക്കുന്നു. | അവധി ദിവസങ്ങളിൽ | PTA | PTA |
| | ✸ ചിത്രരചനയിൽ പ്രവീണ്യം നേടാൻ വേണ്ടി ചിത്രരചന പരിശീലന ക്യാമ്പ് . | 6 മാസത്തി ലൊരിക്കൽ | കലാധ്യാപകർ | |
| | ✸ വിദ്യാലയ പരിസരത്തുള്ള വിവിധ കലകളിൽ പ്രാവീണ്യം നേടിയവരുടെ സഹായത്തോടെ പരിശീലന ക്ലാസും കലാവിരുന്നും സംഘടിപ്പിക്കൽ. | വർഷത്തി ലൊരിക്കൽ | | PTA |
| | ✸ കുട്ടികളിലുള്ള കലാ കഴിവിനെ വികസിപ്പിച്ചെടുക്കാൻ വേണ്ടി മാസത്തിലൊരിക്കൽ ബാലസഭ സംഘടിപ്പിക്കുക. | മാസത്തി ലൊരിക്കൽ | ക്ലാസധ്യാപകർ | |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : ക്ലാസ് പി ടി എ സജീവമാക്കൽ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ വെച്ചപ്പെടുത്തൽ | ക്ലാസ് പി ടി എ കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച അടുത്ത പഠന ലക്ഷ്യങ്ങൾ ചർച്ച, സാധന സാമഗ്രികൾ ശേഖരിക്കൽ | പ്രതിമാസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം: 16**

പ്രവർത്തനത്തിന്റെ പേര് : പ്രവൃത്തി പരിചയ കളരി

ഉപമേഖല : കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ പ്രാവീണ്യം നേടൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ, പൂന്തോട്ടം നിർമ്മിക്കൽ | വർഷത്തി ലൊരിക്കൽ | SRG | കൃഷി വകുപ്പ് |

**പ്രവർത്തനം: 18**

പ്രവർത്തനത്തിന്റെ പേര് : അഭിമുഖങ്ങൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരുമായി അഭിമുഖം നടത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | SSG | SSG |
| പഠനോത്സവം | ക്ലാസുകൾ സംഘടിപ്പിക്കൽ PTA യുടെ സഹകരണത്തോടെ പഠനോത്സവം | ഓരോ ടേമിലും | PTA | PTA |

**പ്രവർത്തനം: 19**

പ്രവർത്തനത്തിന്റെ പേര് : രചനാശിൽപശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മകരചനകളിൽ ഏർപ്പെടാൻ<br><br>അവസരമൊരുക്കൽ വായന സാമഗ്രികളുടെ നിർമ്മാണം | രചന ശിൽപശാലകൾ സംഘടിപ്പിക്കൽ<br><br>പതിപ്പുകൾ തയ്യാറാക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | വിദ്യാരംഗം കലാ സാഹിത്യവേദി | Sponsorship |

**പ്രവർത്തനം: 20**

പ്രവർത്തനത്തിന്റെ പേര് : പോഷകാഹാര പരിപാടി

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിനനുവാര്യം | ആഴ്ചയിലോരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ച ഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ച ഭക്ഷണ ചുമതലയുള്ള ടീച്ചർ<br><br>HM<br>PTA | ഉച്ച ഭക്ഷണ ഫണ്ട് |

**പ്രവർത്തനം:25**

പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടു നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുന്നു.<br><br>നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

**പ്രവർത്തനം 26**

പ്രവർത്തനത്തിന്റെ പേര് : അറബി ഭാഷാശേഷി വികാസം

ഉപമേഖല : അറബിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന എല്ലാ കുട്ടികൾക്കും ലഘു വാക്യങ്ങൾ വായിക്കാൻ സാധിക്കൽ<br><br>പദസമ്പത്ത് വർദ്ധിപ്പിക്കൽ | പ്രീ ടെസ്റ്റ് നടത്തൽ, അക്ഷരം ഉറപ്പിക്കൽ,<br>വചനങ്ങൾ ഉറപ്പിക്കൽ<br><br>**അറബിക് ലൈബ്രറി**<br>• കഥാബുക്ക്<br>• ചിത്രകഥ<br>• കുട്ടികവിത<br>• ക്വിസ്<br>• വർക്ക്ബുക്ക്<br>എല്ലാ ദിവസവും ഓരോ ഖണ്ഡിക വായിക്കൽ | 2 മാസം | അറബിക് ടീച്ചേഴ്സ് | PTA |

**പ്രവർത്തനം 27**

പ്രവർത്തനത്തിന്റെ പേര് : ടാലന്റ് ലാബ്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ കഴിവിനും അഭിരുചിക്കും ശാരീരിക മാനസിക ആരോഗ്യത്തിനും അനുസരിച്ച് കഴിവുകൾ വികസിപ്പിക്കുക | • സർഗ്ഗരചനാ ക്ലാസ് നടത്തുക<br>• കാവ്യ കേളി<br>• നാടൻ പാട്ട്<br>• വ്യത്യസ്ത കഴിവുള്ളവരെ കണ്ടെത്തുക<br>• സംയുക്ത ഡയറി,സചിത്ര പുസ്തകം സർഗാത്മക ഡയറി<br>• വിദഗ്ധ ക്ലാസുകൾ സംഘടിപ്പിക്കുക<br>• ക്യാമ്പുകൾ, ശിൽപശാലകൾ എന്നിവ നടത്തുക<br>• സർഗചുമരുകൾ പ്രയോഗിക്കുക | മൂന്നു മാസത്തിലൊരിക്കൽ | കലാധ്യാപകർ | PTA |

**പ്രവർത്തനം**

പ്രവർത്തനത്തിന്റെ പേര് : ടോയ്‌ലറ്റ് നിർമ്മാണവും നവീകരണവും

ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച ശൗചാലയങ്ങൾ ഒരുക്കൽ | • കുട്ടികളുടെ എണ്ണത്തിന് അനുപാതികമായി ടോയ്‌ലറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കൽ | രണ്ടു വർഷം | PTA | ഗ്രാമപഞ്ചായത്ത് |
| | • ഭിന്നശേഷി സൗഹൃദ ശൗചാലയം ഒരുക്കൽ | രണ്ടു വർഷം | PTA | ഗ്രാമപഞ്ചായത്ത് |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : ഓഫീസ് റൂം ആൻഡ് സ്റ്റാഫ് റൂം

ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യ വികസനം | എച്ച്.എം. മാത്രമായി ഒരു റൂമും വിശാലമായ സ്റ്റാഫ് റൂമും ഒരുക്കൽ | ഒരു വർഷം | SSA | SSA |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : മാലിന്യ സംസ്കരണം

ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം ഒരുക്കൽ | ഒരു വർഷം | SSG | പഞ്ചായത്ത് |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : പ്രാദേശിക പി.ടി.എ

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പിക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് PTA യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | SSG<br>SRG | PTA |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പിക്കൽ | • വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ<br>• അവരുടെ മുമ്പിൽ വിദ്യാലത്തിന്റെ<br>• ആവശ്യങ്ങൾ അവതരിപ്പിക്കൽ<br>• ഫണ്ട് സമാഹരിക്കൽ | 2 വർഷത്തിൽ ഒരിക്കൽ | SSG<br>PTA | |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : സ്കൂൾ കലണ്ടർ

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവെക്കൽ | വിദ്യാലത്തിലെ ഒരു വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളും മറ്റും രക്ഷിതക്കൾക്കും പൊതു സമൂഹത്തിനും Documentary ആയി നൽകൽ<br><br>പഠനോത്സവം | വർഷത്തിൽ ഒരു പ്രാവശ്യം<br><br>ഓരോ ടേമിലും | SRG<br>PTA | പരസ്യം |

**പ്രവർത്തനം:**

പ്രവർത്തനത്തിന്റെ പേര് : നന്നായ് ഒരുങ്ങാം

ഉപമേഖല : ജീവകാരുണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | Pain Paliative ലേക്ക് തുക സമാഹരിച്ച് നൽകൽ<br><br>ആഴ്ചയിൽ ഒരു രൂപ ശേഖരിച്ച് നിർധനരായ കുട്ടികൾക്ക് സഹായം എത്തിക്കൽ | | NSS<br>നിംബിൾ സർവ്വീസ് സ്കീം | |

**പ്രതീക്ഷിത നേട്ടങ്ങൾ**

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- 'സ്കൂൾ സമൂഹത്തിൽ' എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

**മോണിട്ടറിംഗ് രീതി:-**

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ, എം.ടി.എ, എസ്.എസ്.ജി, എസ്. ആർ.ജി എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.
- ദൈനംദിന മോണിട്ടറിംഗ് എച്ച്.എം ന്റെ നേതൃത്വത്തിൽ നടത്താം

**ഉപസംഹാരം:-**

മനുഷ്യനെ മനുഷ്യത്തമുള്ളവനാക്കുന്നതാണ് വിദ്യാഭ്യാസം. ഇതിനായി സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളിയാകുക എന്നുള്ളത്. അതിനുള്ള ഒരു എളിയ ശ്രമമാണ് ഈ വികസന രേഖ. അതിന്റെ ചിറകുകൾ ആകാശത്തോളം ഉയരട്ടെ.





